# نصيحة الجمعة


## تحت إشراف جمعية العلماء لجنوب كيرلا، كلّم ، الهند

(Dakshina Kerala Jam-iyyathul Ulama, Kollam, Kerala)

للأستاذ المولوي سي. اي .موسي الباقوي القاسمي : ٩٤٤٧٤٦٥٦٤٨

الإتصال: شمير الباقوي، ٩٤٩٥١٩٠٨٩٥


**തീയതി: 03/11/2017 വിഷയം: ISIS തിന്മയാണ്**

➤ പരിശുദ്ധ ഖുർആനും സുന്നത്തും ദീനിന്റെ അടിസ്ഥാന തത്വങ്ങളാണ്. അതിൽനിന്നാണ് വിശ്വാസം, ആരാധന, സംസ്കാരങ്ങൾ രൂപപ്പെടുന്നത്. ഇസ്ലാമിക രാഷ്ട്രം, ഭരണം, സാമ്പത്തീക ശാസ്ത്രം സാമൂഹി ക പാഠങ്ങൾ എല്ലാത്തിന്റെയും മൂലകങ്ങളും മേൽ തത്വങ്ങൾ തന്നെ.

➤ ഖുർആനും സുന്നത്തും നബി (സ്വ)യിൽ നിന്ന് നേരിട്ട് ലഭിച്ചത് സ്വഹാബാക്കൾക്കാണ്. തന്മൂലം അതിന്റെ ഉദ്ദേശ്യം, താൽപ്പര്യം, അർത്ഥം യഥാവിധി അറിയുന്നത് അവർക്കാണ്.

عَنْ ابْنِ عُمَرَ، قَالَ : ... أُولَئِكَ أَصْحَابُ مُحَمَّدٍ (ص) كَانُوا خَيْرَ هَذِهِ الأُمَّةِ ، أَبَرَّهَا قُلُوبًا ، وَأَعْمَقَهَا عِلْمًا (حلية الأولياء)

സ്വഹാബത്തിൽ നിന്ന് ദീൻ നേരിട്ട് പഠിച്ചത് താബിഈങ്ങളാണ്. അവരിൽ നിന്ന് മദ്ഹബിന്റെ ഇമാമീങ്ങൾ നേരിട്ട് പഠിക്കുകയും രേഖപ്പെടുത്തി ഉമ്മത്തിന് കൈമാറുകയും ചെയ്തു. ഈ വഴിയിലൂടെ അല്ലാതെ യഥാർത്ഥത്തിൽ ദീൻ പഠിക്കാനാവില്ല. ആവഴി വ്യതിചലിക്കാതെ മുറുകെ പിടിക്കാൻ അല്ലാഹു കൽപ്പിച്ചിട്ടുണ്ട്.

وَمَن يُشَاقِقِ الرَّسُولَ مِن بَعْدِ مَا تَبَيَّنَ لَهُ الْهُدَىٰ وَيَتَّبِعْ غَيْرَ سَبِيلِ الْمُؤْمِنِينَ نُوَلِّهِ مَاتَوَلَّىٰ وَنُصْلِهِ جَهَنَّمَ وَسَاءَتْ مَصِيرًا ﴿النساء:١١٥﴾

ഇവിടെ سَبِيلِ الْمُؤْمِنِينَ എന്നാൽ ഈ പാരമ്പര്യമാണ്.

➤ ഇത് കൈയ്യൊഴിഞ്ഞ് അവരവർക്ക് തോന്നിയപോലെ ഖുർആൻ, സുന്നത്തിനെ സമീപിക്കുന്നത് അപകടമാണ്.

عَنْ ابْنِ عَبَّاسٍ قَالَ النبي (ص) مَنْ قَالَ فِي الْقُرْآنِ بِغَيْرِ عِلْمٍ فَلْيَتَبَوَّأْ مَقْعَدَهُ مِنْ النَّارِ (ترمذي)

عَنْ أَنَسٍ قَالَ : قَالَ رَسُولُ اللَّهِ صَلَّى اللَّهُ عَلَيْهِ وَسَلَّمَ : مَنْ كَذَبَ عَلَيَّ مُتَعَمِّدًا فَلْيَتَبَوَّأْ مَقْعَدَهُ مِنَ النَّارِ (بخاي)

ആഖിറത്തിൽ മാത്രമല്ല, ദുൻയാവിലും.

➢ ഇതിന്റെ മികച്ച ഉദാഹരണമാണ് ISIS. കഴിഞ്ഞ ദിവസം കണ്ണൂരിൽ നിന്ന് ചിലരെ ISIS ന്റെ പേരിൽ അറസ്റ്റ് ചെയ്തു. ചിലർ സിറിയയിൽ പോയി മരിച്ചു എന്നു പറയുന്നു. ഇത് ശരിയാണെങ്കിൽ വലിയ ദുരന്തമാണിത്. അവരുടെ ജീവിതം, കുടുംബം, എല്ലാം തകർന്നു. ISIS ന്റെ പ്രവർത്തനത്തെ ജിഹാദായും ആവിധമുള്ള മരണത്തെ ശഹാദത്തായും തെറ്റിദ്ധരിച്ചതിനാലാണ് ഇതിൽ അകപ്പെടുന്നത്.

➢ ജിഹാദിന്റെ താൽപ്പര്യം, രീതികൾ, വ്യവസ്ഥകൾ, എല്ലാം ഖുർആൻ ഹദീസിന്റെ അടിസ്ഥാനത്തിൽ ഇമാമീങ്ങൾ വിശദീകരിച്ചിട്ടുണ്ട്. അതിന്റെ വെളിച്ചത്തിലാകണം ജിഹാദിനെ മനസ്സിലാക്കേണ്ടത്.

യഥാർത്ഥത്തിൽ ജിഹാദിന് ര ് അർത്ഥത്തിൽ ഉപയോഗിക്കുന്നുണ്ട്. ഒന്ന്: ത്യാഗ പരിശ്രമം എന്ന അർത്ഥത്തിൽ. ഉയർന്ന ത്യാഗമുള്ള ഏത് പരിശ്രമത്തിനും ജിഹാദ് എന്നു പറയും.

وَالَّذِينَ جَاهَدُوا فِينَا لَنَهْدِيَنَّهُمْ سُبُلَنَا ۚ وَإِنَّ اللَّهَ لَمَعَ الْمُحْسِنِينَ ﴿العنكبوت:٦٩﴾

قَالَ ابْنُ عَبَّاسٍ: هِيَ فِي الَّذِينَ يَعْمَلُونَ بِمَا يَعْلَمُونَ (قرطبي)

സൽക്കർമ്മം ചെയ്യാനുള്ള പരിശ്രമത്തെയാണ് ഇവിടെ ജിഹാദ് എന്നു പറയുന്നത്.

രണ്ട്: പോരാട്ടം എന്ന അർത്ഥത്തിൽ. ഇത് രണ്ട് രീതിയിലുണ്ട്. ഒന്ന്: പിശാചിനും ദേഹ ഇഛക്കുമെതിരെയുള്ള പോരാട്ടം. രണ്ട്: കുഫ്ഫാറിനെതിരെയുള്ള പോരാട്ടം.

وَالْجِهَادُ وَشَرْعًا بَذْلُ الْجُهْدِ فِي قِتَالِ الْكُفَّارِ، وَيُطْلَقُ أَيْضًا عَلَى مُجَاهَدَةِ النَّفْسِ وَالشَّيْطَانِ وَالْفُسَّاقِ. فَأَمَّا مُجَاهَدَةُ النَّفْسِ فَعَلَى تَعَلُّمِ أُمُورِ الدِّينِ ثُمَّ عَلَى الْعَمَلِ بِهَا ثُمَّ عَلَى تَعْلِيمِهَا ، وَأَمَّا مُجَاهَدَةُ الشَّيْطَانِ فَعَلَى دَفْعِ مَا يَأْتِي بِهِ مِنَ الشُّبُهَاتِ وَمَا يُزَيِّنُهُ مِنَ الشَّهَوَاتِ

وَأَمَّا مُجَاهَدَةُ الْكُفَّارِ فَتَقَعُ بِالْيَدِوَالْمَالِ وَاللِّسَانِ وَالْقَلْبِ(فتح الباري)

(= ജിഹാദിന്റെ സാങ്കേതികാർത്ഥം കുഫ്ഫാറിനോടുള്ള പോരാട്ടമെന്നാണ്. ദേഹേഛക്കും പിശാചിനുമെതിരെയുള്ള പോരാട്ടത്തിനും ജി ഹാദെന്നു പറയും. ദീൻ പഠിക്കൽ, പഠിപ്പിക്കൽ, തദനുസൃതം പ്രവർ ത്തിക്കൽ എന്നിവയാണ് ദേഹേഛക്കെതിരായ ജിഹാദീ പ്രവർത്തനങ്ങൾ. പിശാചിനെതിരെയുള്ള ജിഹാദെന്നാൽ അവൻ ഉയർത്തുന്ന ദുർ ബോധന, സംശയങ്ങൾ തള്ളിക്കളയാനുള്ള ശ്രമമാണ്. കുഫ്ഫാറിനെതിരെയുള്ള പോരാട്ടം കൈ, ധനം, നാവ്, ഹൃദയം കൊണ്ടെല്ലാമാണ്.)

➢ സൈനീക നടപടിയായ ജിഹാദ് ഭരണകൂട പ്രവർത്തനമാണ്. അഥവാ ഖലീഫയുടെ നേതൃത്വത്തിൽ നടക്കേ ന്ന നീക്കമാണ്. ഓരോ പൗരന്മാ രും നേരിട്ട് നടത്തേണ്ടതല്ല

يُكْرَهُ غَزْوٌ بِغَيْرِ إِذْنِ الْإِمَامِ أَوْ نَائِبِهِ (تحفة)

ഇന്ന് ISIS ന്റെ പ്രവർത്തനം ഒരു ഭരണാധികാരിയുടെയും നേതൃത്വത്തിലല്ല. മറിച്ച് മുസ്ലിം ഭരണകൂടങ്ങളെ അട്ടിമറിക്കാൻ വേ ണ്ടിയാണത്. ഇത് കടുത്ത തിന്മയാണ്.

وَأَمَّا الْخُرُوجُ عَلَيْهِمْ وَقِتَالُهُمْ فَحَرَامٌ بِإِجْمَاعِ الْمُسْلِمِينَ ، وَإِنْ كَانُوا فَسَقَةً ظَالِمِينَ (شرح مسلم)

(=ഭരണാധികാരിക്കെതിരെയുള്ള സായുധ കലാപം ഹറാമാണ്. അവർ തെറ്റുകാരാണെങ്കിലും ശരി. ഇക്കാര്യത്തിൽ സമുദായം ഏകാഭിപ്രായക്കാരാണ്.)

ISIS പ്രവർത്തിക്കുന്നത് മുസ്ലിംകൾക്ക് എതിരെയാണ്. അവർ കൊന്നത് പതിനായിരക്കണക്കിന് നിരപരാധികളെ, വിശ്വാസികളെ. അവർ നശിപ്പിച്ചത് മുസ്ലിം രാജ്യങ്ങളെ, പള്ളികളെ, പൈതൃകങ്ങളെ, മഖാമുക ളെ, ഗ്രന്ഥാലയങ്ങളെ. അവർക്ക് ഇസ്രയേൽ മിത്രമാണ്.

ഇവരുടെ ലക്ഷ്യം ഖിലാഫത്തിന്റെയും ജിഹാദിന്റെയും പേര് പറഞ്ഞ് തീവ്ര വൈകാരിക ചിന്തകരെ സംഘടിപ്പിച്ച് അരക്ഷിതാവസ്ഥ ഉണ്ടാക്കി ഇസ്ലാമിനെ കരിവാരിതേക്കുക. മുസ്ലികളെ നശിപ്പിക്കുക.

➢ അബൂബക്കർ ബഗ്ദാദി അമേരിക്കയുടെയും ഇസ്രയേലിന്റെയും ഏജന്റാണ്.(ഗാർഡിയൻ ദിനപ്പത്രം ല ണ്ടൻ 2014 ഡിസം. 14) ഇതിന്റെ പിന്നിൽ CIA യും മൊസാദുമാണ് (ദി ഡിപ്ലോമാറ്റ് മാഗസിൻ, അമേരിക്ക)

ഇതുകൊണ്ടെല്ലാം തന്നെ ലോകത്ത് ഒരു മുസ്ലിം രാജ്യവും സംഘനയും, സംഘവും, പണ്ഡിതസഭയും, ഇവരെ അംഗീകരിച്ചിട്ടില്ല. മതവിരുദ്ധം എന്നേ ഫത്വ ചെയ്തിട്ടുള്ളൂ. ഇതിൽ ചേക്കേറാൻ പോകുക എത്ര കടുത്ത തെറ്റാണ്. ഇസ്ലാം വിരുദ്ധമാണ്.

➢ മാത്രവുമല്ല ജിഹാദിൽ പങ്കെടുക്കുന്നതിന് മാതാപിതാക്കളുടെ അനുമതി ആവശ്യമാണ്.

وَيَحْرَمُ جِهَادٌ وَلَوْ مَعَ عَدَمِ سَفرٍ اِلَّا بِإِذْنِ اَبَوَيْهِ (تحفة)

عَنْ أَبِي سَعِيدٍ أَنَّ رَجُلًا هَاجَرَ إِلَى النَّبِيِّ (ص) مِن الْيَمَنِ ، فَقَالَ : هَلْ لَك أَحَدٌ بِالْيَمَنِ ؟ فَقَالَ أَبَوَايَ فَقَالَ : أَذِنَا لَك ؟ فَقَالَ : لَا قَالَ : إِرْجِعْ إِلَيْهِمَا فَاسْتَأْذِنْهُمَا فَإِنْ أَذِنَا لَك فَجَاهِدْ وَإِلَّا فَبِرَّهُمَا (أَبُو دَاوُد)

ഇന്ന് ആരും അറിയാത്ത ഒളിച്ചോട്ടങ്ങളായി ഇത്തരം യാത്രകൾ മാറുന്നു. വൃദ്ധമാതാപിതാക്കളെയും കുടുംബത്തെയും തെറ്റിദ്ധരിപ്പിച്ചും മറച്ചുപിടിച്ചുമാണ് യാത്ര. ഇത് നിഷിദ്ധമാണ്.

കേരളത്തിലെ മുഴുവൻ മുസ്‌ലിം മതസംഘടനകളും ഈ തിന്മയെ തള്ളിപ്പറഞ്ഞിട്ടുണ്ട്. അവർക്കൊന്നും അംഗീകരിക്കാൻ കഴിയാത്ത ഇത്തരം ചിന്തകൾ തെറ്റായ ഖുർആൻ സുന്നത്ത് പഠനത്തിന്റെ പേരിൽ സംഭവിക്കുന്നതാണ്.

قُلْ إِنَّمَا حَرَّمَ رَبِّيَ الْفَوَاحِشَ مَا ظَهَرَ مِنْهَا وَمَا بَطَنَ وَالْإِثْمَ وَالْبَغْيَ بِغَيْرِ الْحَقِّ وَأَن تُشْرِكُوا بِاللَّهِ مَا لَمْ يُنَزِّلْ بِهِ سُلْطَانًا وَأَن تَقُولُوا عَلَى اللَّهِ مَا لَا تَعْلَمُونَ ﴿الأعراف:٣٣﴾

إِنَّمَا يَأْمُرُكُم بِالسُّوءِ وَالْفَحْشَاءِ وَأَن تَقُولُوا عَلَى اللَّهِ مَا لَا تَعْلَمُونَ ﴿البقرة: ١٦٩﴾

തന്മൂലം പാരമ്പര്യത്തിലേക്ക് ചേർന്നുനിൽക്കുക. ജിഹാദിന്റെ തെറ്റായ വായനയിൽ നിന്ന് പിന്മാറുക.

■